LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കേന്ദ്ര കെമിക്കൽസ് ആന്റ് ഫെർട്ടിലൈസേഴ്സ് വകുപ്പിന് കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിക്കാണ് (NPPA) മരുന്നുവില നിശ്ചയിച്ചുറപ്പിക്കുന്നതിനുള്ള അധികാരമുള്ളത്. മരുന്നുവില നിശ്ചയിച്ചുറപ്പിക്കുന്നതിൽ സംസ്ഥാന സർക്കാരിന് യാതൊരുവിധ അധികാരവും നിലവിലില്ല. നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി നിശ്ചയിച്ചുറപ്പിക്കുന്ന വിലയേക്കാൾ കൂടുതൽ വിലയ്ക്ക് മരുന്നുകൾ വിൽക്കപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തുകയാണ് സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് ചെയ്യുവരുന്നത്. നിലവിലുണ്ടായിരുന്ന ഔഷധ നയമായ ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ (DPCO) 1995 പ്രകാരം 76 ഇനം മരുന്നുകളും അവ ചേരുവയായിട്ടുള്ള വിവിധ കോസിനേഷനുകളും മാത്രമാണ് 2011 വരെ കേന്ദ്ര സർക്കാർ ജീവൻരക്ഷാമരുന്നുകളായി കണക്കാക്കി നിർമ്മാണ ചെലവ് അധിഷ്ഠിത വില നിർണ്ണയ രീതിയിൽ (Cost based) വില നിശ്ചയിച്ചുറപ്പിച്ചിരുന്നത്. ഈ പട്ടികയിൽ ഉൾപ്പെടാത്ത ഔഷധങ്ങൾക്കെല്ലാം തന്നെ നിർമ്മാതാക്കൾക്ക് വില നിശ്ചയിച്ച് വിപണിയിൽ ഇറക്കാൻ സ്വാതന്ത്ര്യം ഉള്ളതിനാൽ പല നിർമ്മാതാക്കളും നിർമ്മിക്കുന്ന ഒരേ മരുന്നിന് ഗണ്യമായ വില വ്യത്യാസം കണ്ടുവന്നിരുന്ന സാഹചര്യമാണ് നിലവിലുണ്ടായിരുന്നത്. ടി അപാകതകൾ പരിഹരിക്കുന്നതിലേയ്ക്കായും രാജ്യത്ത് ലഭ്യമാകുന്ന ഭൂരിഭാഗം മരുന്നുകളുടെയും വില നിയന്ത്രിക്കുന്നതിനായും നാഷണൽ ലിസ്റ്റ് ഓഫ് എസ്സെൻഷ്യൽ മെഡിസിൻസിൽ (NLEM) ഭേദഗതി ചെയ്ത് 348 ഇനം മരുന്നുകൾ ഉൾപ്പെടുത്തി പുതിയ ഔഷധ നയം ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ (DPCO) 2013 പ്രകാരം വിപണി അധിഷ്ഠിത വില നിർണ്ണയ രീതി (Market based) അനുസരിച്ച് പ്രസ്തുത മരുന്നുകളുടെ വില നിശ്ചയിച്ചുറിപ്പിക്കുവാൻ തീരുമാനിക്കുകയും ഇതിൽ 85% മരുന്നുകളുടെയും (298 എണ്ണം) വില നിയന്ത്രണം പ്രാബല്യത്തിൽ വരികയും ചെയ്തിട്ടുണ്ട്. ബാക്കി 50 എണ്ണം മരുന്നുകളുടെ വില ഉടനടി നിശ്ചയിച്ചുറപ്പിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ (NPPA) സ്വീകരിച്ച് വരുന്നതായി അറിയുന്നു.

സർക്കാർ ആശുപത്രികളിൽ മരുന്നുകളുടെക്ഷാമം

123 (815) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സർക്കാർ ആശുപത്രികളിൽ മരുന്നുകളുടെ ലഭ്യത കുറവായതുകാരണം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സംസ്ഥാനത്തെ ആരോഗ്യവകുപ്പിന്റെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിലുള്ള എല്ലാ സർക്കാർ ആശുപത്രികൾക്കും ആവശ്യമായ മരുന്നുകളും അനുബന്ധ ഉപകരണങ്ങളും പ്രസ്തുത വകുപ്പുകളുടെ ഡയറക്ടർമാർ സാക്ഷ്യപ്പെടുത്തി നൽകുന്ന വാർഷിക ഇൻഡന്റ് അനുസരിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ് ഇ-ടെൻഡർ നടപടിക്രമങ്ങളിലൂടെ സംഭരിച്ച് വിവിധ ജില്ലാ മരുന്ന് സംഭരണ ശാലകളിലൂടെ വിതരണം ചെയ്യുവരുന്നു. 2014-15 സാമ്പത്തിക വർഷത്തേയ്ക്കാവശ്യമായ മരുന്നുകളുടെ ഇൻഡന്റ് ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽനിന്നും 2014 ജനുവരി 10-നും ആരോഗ്യ വകുപ്പിൽനിന്ന് 2014 ജനുവരി 28-നും ലഭിച്ചതനുസരിച്ച് കോർപ്പറേഷന്റെ ഡയറക്ടർ ബോർഡിന്റെ നിർദ്ദേശാനുസരണം 2014 ജനുവരി 28-ന് ഇ-ടെൻഡർ ക്ഷണിച്ചുവെങ്കിലും 2014 മാർച്ച് 11-ന് കോർപ്പറേഷൻ റീ-ടെൻഡർ ക്ഷണിക്കുകയുണ്ടായി. കൂടാതെ താമസം നേരിട്ട ഈ കാലയളവിൽ ഏതെങ്കിലും അവശ്യമരുന്നുകൾക്ക് ക്ഷാമം ഉണ്ടായാൽ അത് ആശുപത്രി തലത്തിൽതന്നെ വാങ്ങി മരുന്നില്ലാത്ത സാഹചര്യം ഒഴിവാക്കണം എന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കൂടാതെ മനോരോഗ ചികിത്സ നടത്തുന്ന ആശുപത്രികളിൽ ഏതെങ്കിലും മരുന്നിന്റെ ലഭ്യതകുറവായാൽ (കോർപ്പറേഷനിൽ ലഭ്യമല്ലാത്ത മനോരോഗ ചികിത്സയുള്ള മരുന്നുകൾ) ആശുപത്രിതലത്തിൽതന്നെ വാങ്ങി മരുന്നിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സർക്കാർ ഡിസ്പെൻസറികളിൽ വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം

124 (816) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഡിസ്പെൻസറികളിൽ ഗുണനിലവാരം കുറഞ്ഞതും കേടുവന്നതുമായ മരുന്നുകൾ വിതരണം ചെയ്യുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മേൽ വിഷയവുമായി ബന്ധപ്പെട്ട് വകുപ്പ് ആധികാരികൾക്കും സർക്കാരിനും എതെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത്തരം പരാതികളിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?